ഭരണഭാഷ – മാതൃഭാഷ

**സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്**
**തിരുവനന്തപുരം**

നമ്പർ. **DTETVM/129/2024-L3 (PLA)** തീയതി: **20-08-2024**

**<u>പരിപത്രം</u>**

വിഷയം:- സാങ്കേതികം - വിദ്യാഭ്യാസം - സാങ്കേതിക വിദ്യാഭ്യാസവകുപ്പ് - സംസ്ഥാനത്തെ സ്വാശ്രയ എഞ്ചിനിയറിംഗ് കോളേജുകളിൽ **2024-2025** അധ്യയന വർഷത്തിൽ പുതിയ കോഴ്സ് / വിദ്യാർത്ഥികളുടെ എണ്ണം കൂട്ടുക എന്നിവ സംബന്ധിച്ച് സർക്കാരിൽ നിന്നും ഭരണാനുമതി ലഭിച്ച സ്ഥാപനങ്ങൾ സർക്കാരിൽ നിന്നും നിരാക്ഷേപസാക്ഷ്യപത്രം ലഭിക്കുന്നതിന് സമർപ്പിക്കേണ്ട രേഖകൾ അറിയിക്കുന്നത് - സംബന്ധിച്ച്

സൂചന :-
1. **05.08.2024** -ലെ സർക്കാർ ഉത്തരവ് നമ്പർ **GO.(Rt)No.987/2024/HEDN.**
2. **27.10.2019** -ലെ സർക്കാർ ഉത്തരവ് നമ്പർ **GO.(Ms)No.360/2019/HEDN.**

മേൽ സൂചന (1) സർക്കാർ ഉത്തരവ് പ്രകാരം സംസ്ഥാനത്തെ സ്വകാര്യ സ്വാശ്രയ എഞ്ചിനിയറിംഗ് കോളേജുകളിൽ പുതിയ കോഴ്സ് / വിദ്യാർഥികളുടെ എണ്ണം കൂട്ടുക എന്നിവ സംബന്ധിച്ച് സർക്കാരിൽ നിന്നും ഭരണാനുമതി ലഭിച്ച സ്ഥാപനങ്ങൾ സർക്കാരിൽ നിന്നും നിരാക്ഷേപസാക്ഷ്യപത്രം (NOC) ലഭിക്കുന്നതിന് ചുവടെ പറയുന്ന രേഖകൾ സമർപ്പിക്കുന്നതിന് അറിയിക്കുന്നു.

**<u>I. പുതിയ കോഴ്സിന് അനുമതി ലഭിച്ച സ്ഥാപനങ്ങൾ സമർപ്പിക്കേണ്ട രേഖകൾ</u>**

1. സത്യവാങ്മൂലം 1,2,3
2. ലെറ്റർ ഓഫ് അണ്ടർടേക്കിംഗ്
3. സർവകലാശാല അഫിലിയേഷൻ ഉത്തരവ് (2024-2025)
4.സർവകലാശാലയിൽ നിന്നും പ്രസ്തുത കോഴ്സ് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് ലഭിച്ച നിരാക്ഷേപസാക്ഷ്യപത്രം (NOC)
5. AICTE അംഗീകാരം (2024-2025)
6. ട്രസ്റ്റിൻറെ പ്രമേയം
7. പ്രോസസ്സിംഗ് ഫീസ് : 31,500/-

**<u>II. വിദ്യാർത്ഥികളുടെ എണ്ണം കൂട്ടുന്നതിന് അനുമതി ലഭിച്ച സ്ഥാപനങ്ങൾ സമർപ്പിക്കേണ്ട രേഖകൾ</u>**

1. സത്യവാങ്മൂലം 1 & 2
2. ലെറ്റർ ഓഫ് അണ്ടർടേക്കിംഗ്
3. സർവകലാശാല അഫിലിയേഷൻ ഉത്തരവ് (2024-2025)

4.സർവകലാശാലയിൽ നിന്നും പ്രസ്തുത കോഴ്സ് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് ലഭിച്ച നിരാക്ഷേപസാക്ഷ്യപത്രം (NOC)

5. AICTE അംഗീകാരം (2024-2025)

6. ട്രസ്റ്റിൻറെ പ്രമേയം

7. പ്രോസസ്സിംഗ് ഫീസ് : 31,500/-

NB : (1) പുതിയ കോഴ്സ് / വിദ്യാർത്ഥികളുടെ എണ്ണം കൂട്ടുക ഇവ രണ്ടിനും അനുമതി ലഭിച്ച സ്ഥാപനങ്ങൾ വെവ്വേറെ അപേക്ഷകൾ സമർപ്പിക്കേണ്ടതാണ്.

(2) സത്യവാങ്മൂലങ്ങളും ലെറ്റർ ഓഫ് അണ്ടർടേക്കിംഗും 220/- രൂപയുടെ മുദ്ര പത്രത്തിൽ നോട്ടറി സാക്ഷ്യപ്പെടുത്തി സമർപ്പിക്കേണ്ടതാണ്.

(3) 2024-2025 അധ്യയന വർഷത്തിൽ സ്ഥാപനത്തിൽ നിലവിലുള്ള കോഴ്സുകളിലെ വിദ്യാർത്ഥികളുടെ എണ്ണം കുറയ്ക്കുക / കോഴ്സുകൾ നിർത്തലാക്കുക എന്നിവയ്ക്ക് സർക്കാരിൽ നിന്നും നിരാക്ഷേപസാക്ഷ്യപത്രം ലഭിക്കുന്നതിലേയ്ക്ക് അപേക്ഷ സമർപ്പിക്കാത്ത സ്ഥാപനങ്ങൾ ആയതിലേയ്ക്കുള്ള അപേക്ഷയും സമർപ്പിക്കേണ്ടതാണ്.

**SHALIJ P R**

**DIRECTOR**

സ്വീകർത്താവ്,

1. ഈ വകുപ്പിന് കീഴിലുള്ള സ്വകാര്യ സ്വാശ്രയ സ്ഥാപനങ്ങളിലെ സ്ഥാപനമേധാവികൾക്ക് (www.dtekerala.gov.in) എന്ന വെബ്സൈറ്റ് മുഖാന്തിരം).

Signed by
Shalij P R
Date: 20-08-2024 13:10:36